# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോ–ഓർഡിനേഷൻ സമിതി

## ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫേയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 29.02.2012 –ന് രാവിലെ 8 മുതൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–

**1. പൊതു വിഷയങ്ങൾ**

1.1 2011–12 പദ്ധതി അവലോകനം

| | | | |
|---|---|---|---|
| 1.2 | ഗ്രാമപഞ്ചായത്തുകൾ | – | 41.53 % |
| | ബ്ലോക്ക് പഞ്ചായത്തുകൾ | – | 41% |
| | ജില്ലാ പഞ്ചായത്തുകൾ | – | 40% |
| | മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | – | 33.2% |

പദ്ധതി വിഹിതം ഫെബ്രുവരി 25 വരെ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്യുന്നു.

**2. പ്രത്യേക വിഷയങ്ങൾ**

**2.0** ഇ.എം.എസ് പദ്ധതിയിൽ വീടുകൾക്കും സ്ഥലം വാങ്ങുന്നതിനുമുള്ള ഫണ്ടിനു വേണ്ടി പുതുക്കിയ പദ്ധതി നൽകി ഡി.പി.സി അംഗീകാരം വാങ്ങി സെക്ടർ നിയന്ത്രണമില്ലാതെ തുക ചെലവഴിക്കുന്നതിന് അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.1 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം.1843/ഡി.ബി.3/12/തസ്വഭവ)തീയതി 29/02/12**

'ഗവി' ഇക്കോ ടൂറിസം പദ്ധതി വികസനത്തിന് ഡി.റ്റി.പി.സി.യുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ വാഹനം വാങ്ങുന്നത് നിരാകരിക്കുകയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ അനുമതി നൽകുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.2 **വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.9854/ഡി.എ.2/12/തസ്വഭവ)തീയതി 29/02/12**

ടെണ്ടർ നടപടിക്രമം പാലിക്കാതെ സിഡ്കോയുമായി കരാറിലേർപ്പെട്ട് ശബരിമല തീർത്ഥാടവുമായി ബന്ധപ്പെട്ട് തെരുവുവിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് അടിയന്തിരമായി പൂർത്തീകരിച്ച സാഹചര്യത്തിൽ പഞ്ചായത്ത് സമിതിയുടെ നടപടി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.10700/ഡി.ഡി.2/12/തസ്വഭവ)തീയതി 29/02/12**

സമഗ്ര ക്ഷീരോത്പാദന വികസനം എന്ന പ്രോജക്ടിന് നേരത്തേ കോഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ച അതേ പാറ്റേണിൽ വകുപ്പു മാനദണ്ഡപ്രകാരം നടപ്പിലാക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 കണ്ണൂർ ജില്ല–ബ്ലോക്കടിസ്ഥാനത്തിൽ പുരോഗതി അവലോകനം**

**(ഫയൽ നം.9078/ഡി.ബി.1/12/തസ്വഭവ) തീയതി 29/02/12**

1) വകുപ്പ് മാനദണ്ഡപ്രകാരം സബ്സിഡി നൽകി കറവ പശുക്കൾക്കും കാലിത്തീറ്റ വിതരണം നടത്തുന്നതിന് അനുവദിച്ചു.

2) കറവമാടുകൾക്കു പകരം കിടാരികളെ വാങ്ങുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.73113/ഡി.ബി.1/11/തസ്വഭവ)തീയതി 29/02/12**

മൊബൈൽ പാൽ ഗുണ നിയന്ത്രണ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് ആവർത്തന ചെലവുകൾ ക്ഷീര വികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ ഫണ്ടിൽ നിന്ന് നിർവഹിക്കണമെന്നും, തസ്തിക സൃഷ്ടിക്കരുതെന്നുമുള്ള നിബന്ധനയിൽ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 ഇടവ ഗ്രാമപഞ്ചായത്ത് (ഫയൽ നം.7887/ഡി.ബി.3/12/തസ്വഭവ)തീയതി 29/02/12**

മഹേന്ദ്രാ കമ്പനിയുടെ ബൊലേറോ ജീപ്പ് കമ്പിനിയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം.3318/ഡി.ബി.1/12/തസ്വഭവ)തീയതി 29/02/12**

2010–11, 2011–12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ നാലു പ്രോജക്ടുകളായ ആതവനാട് പൗൾട്രി ഫാം നവീകരണം (11,40,000/– രൂപ), കൊടക്കാട്ടുകുളം പുനരുദ്ധാരണം (4,05,000/–രൂപ), മാഞ്ഞൂർ കായൽ കനാൽ നിർമ്മാണം ( 4,50,000/–രൂപ), ജി.എച്ച്.എസ്. പുതുപ്പറമ്പ് റിപ്പയർ (4,00,000/– രൂപ) എന്നിവ പ്രോജക്ടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ സ്പിൽഓവറായി പരിഗണിക്കുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 53976/ഡി.ബി.1/11/തസ്വഭവ) തീയതി 29/02/12**

വികലാംഗരായ പട്ടികജാതിക്കാർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്നതിന് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ അംഗീകരിച്ചതുപോലെ അനുമതി നൽകുന്നു. ഇക്കാര്യത്തിൽ പൊതു ഉത്തരവ് നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 എറണാകുളം ജില്ലാ പഞ്ചായത്ത് സംസ്ഥാന വിത്തുല്പാദന തോട്ടം –ആലുവ മാതൃക ജൈവകൃഷി തോട്ടവും പരിശീലന കേന്ദ്രവും (ഫയൽ നം. 10631/ഡി.ബി.1/12/തസ്വഭവ) തീയതി 29/02/12**

മാതൃക ജൈവ വിത്തുൽപാദന തോട്ടവും പരിശീലന കേന്ദ്രവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി അടുത്ത യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 4733/ഡി.ബി.1/12തസ്വഭവ) തീയതി 29/02/12**

കാങ്കോൽ ഫാമിൽ പശുവളർത്തലിന് തയ്യാറാക്കിയ 2 പ്രോജക്ടുകളിൽ യൂണിറ്റ് കോസ്റ്റ് ഒരു പശുവിന് 30,000/- രൂപ ആയി നിശ്ചയിച്ചത് കൃഷി വകുപ്പിന്റെ 06.07.2011-ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി)1246/2011/എ.ഡി പ്രകാരം അംഗീകരിച്ചു. ഇത് സംബന്ധിച്ച് പൊതു ഉത്തരവ് നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് (ഫയൽ നം. 10872/ഡി.ബി.3/09/തസ്വഭവ) തീയതി 29/02/12**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് വകുപ്പുമേധാവികൾ നൽകിയ ശുപാർശകളുടെ റിപ്പോർട്ട് സഹിതം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. വാഹനത്തിന്റെ ആയുസ് 15 വർഷത്തിൽ നിന്നും കുറയ്ക്കാനുള്ള നിർദ്ദേശവും സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 10892/ഡി.ഡി2/12/തസ്വഭവ) തീയതി 29/02/12**

ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ 18 നടപ്പാതകളുടെ നിർമ്മാണം നടത്തുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകുന്നു. എന്നാൽ ഇത്തരം പ്രോജക്ടുകൾ ഭാവിയിൽ ഏറ്റെടുക്കരുത് എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 മാങ്കുളം ഗ്രാമപഞ്ചായത്ത് – കായിക താരങ്ങൾക്ക് ഭവന നിർമ്മാണം (ഫയൽ നം. 43191/ഡി.ബി.1/11/തസ്വഭവ) തീയതി 29/02/12**

മൂന്ന് സെന്റ് ഭൂമിക്കുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് ദേവികുളം തഹസിൽദാർ നൽകിയ സാഹചര്യത്തിൽ കായിക താരങ്ങൾക്ക് ഭവന നിർമ്മാണം എന്ന പ്രോജക്ടനുസരിച്ച് കുമാരി ടോണിയ ചാക്കോയ്ക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 കൊടകര ബ്ലോക്ക് പഞ്ചായത്ത് 'തണൽ' പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച (ഫയൽ നം. 9936/ഡി.ഡി.2/12/തസ്വഭവ) തീയതി 29/02/12**

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള 'തണൽ' പദ്ധതി വിശദമായി ചർച്ച ചെയ്യുന്നതിന് അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.15 കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 10372/ഡി.എ.2/12/തസ്വഭവ) തീയതി 29/02/12**

31 അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ യഥാസമയം ലഭ്യമാക്കാനും കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിലവസരം ലഭ്യമാക്കാനും ഉതകുന്ന ന്യൂട്രിമിക്സ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കാൻ അംഗീകാരം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 കാളികാവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.10373/ ഡി.എ.2/12/തസ്വഭവ) തീയതി 29/02/12**

ജനറൽ വിഭാഗത്തിൽ നാമമാത്ര കർഷകർക്ക് ഡബിൾ വീൽബാരോ വാങ്ങി നൽകുന്നതിന് അനുവാദം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 17 കാളികാവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.10376/ ഡി.എ.2/12/തസ്വഭവ) തീയതി 29/02/12**

പട്ടികജാതി തൊഴിലാളികൾക്ക് ഡബിൾ വീൽ ബാരോ വാങ്ങി നൽകുന്നതിന് അനുവാദം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 18 കരുനാഗപ്പള്ളി നഗരസഭ (ഫയൽ നം.9513/ ഡി.സി3/12/തസ്വഭവ) തീയതി 29/02/12**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത– ഭവന രഹിതരായവർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ 3 സെന്റിന് 1.50 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 2 സെന്റിന് 1.75 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 2 സെന്റിന് 2 ലക്ഷം രൂപയും എന്ന ക്രമത്തിൽ അനുവദിക്കാൻ നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 19 മേലടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.10894/ ഡി.ഡി.2/12/തസ്വഭവ) തീയതി 29/02/12**

കാലിത്തീറ്റ സബ്സിഡി സമഗ്ര പദ്ധതി എന്ന പ്രോജക്ട് വകുപ്പുതല മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പിലാക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 20 ചാലക്കുടി നഗരസഭ (ഫയൽ നം.71820/ ഡി.എ3/11/തസ്വഭവ) തീയതി 29/02/12**

വനിതകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ, ഭവന നിർമ്മാണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുന്നത് വിനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടയ്ക്കു പുറമേ</u>**

**2.21 കണ്ണൂർ ജില്ലാപഞ്ചായത്ത് (ഫയൽ നം.10141/ ഡി.ബി3/12/തസ്വഭവ) തീയതി 29/02/12**

കൃഷി വിജ്ഞാൻ കേന്ദ്രയുമായി സഹകരിച്ച് നടപ്പാക്കുന്ന ഫാർമേഴസ് ട്രേഡ് സെന്റർ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ശേഖരിച്ച് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 22 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം.70373/ ഡി.ബി1/11/തസ്വഭവ) തീയതി 29/02/12**

'മൊബൈൽ ഡയറി ലാബറട്ടറി ' എന്ന പ്രോജക്ട്, ആവശ്യമായ ആവർത്തന ചെലവുകൾ ക്ഷീര വികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ യൂണിറ്റ് ആഫീസിന്റെ ഫണ്ടിൽ നിന്ന് നിർവഹിക്കണമെന്നും യൂണിറ്റിൽ നിലവിലുള്ള ഡ്രൈവറുടെ സേവനം പ്രയോജനപ്പെടുത്താമെന്നതിനാൽ തസ്തിക സൃഷ്ടിക്കരുമെന്നും ഉള്ള നിബന്ധനയോടെ അംഗീകരിച്ചു,

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 23 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.7763/ ഡി.എ2/12/തസ്വഭവ) തീയതി 29/02/12**

ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ വിവിധ സ്ക്കൂളുകൾക്ക് പാത്രങ്ങൾ വാങ്ങി നൽകുന്ന പ്രോജക്ടിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 24 പന്മന ഗ്രാമപഞ്ചായത്ത് (ഫയൽ നം.12148/ ഡി.എ2/12/തസ്വഭവ) തീയതി 29/02/12**

മെയിൽ ബഫല്ലോ കാഫ് ഫാറ്റനിംഗ് സ്കീമിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി പണമായി നൽകാവുന്നതല്ല എന്നും, എന്നാൽ കിടാരികളെ വാങ്ങുന്നതിന് ഇളവ് അനുവദിക്കാവുന്നതാണ് എന്നും തീരുമാനിക്കുന്നു. ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി കൊടുക്കാൻ പാടില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.25 കില കോർപ്പസ് ഫണ്ട് (ഫയൽ നം.8906/ ഐ.ബി.2/12/തസ്വഭവ) തീയതി 29/02/12**

'കില'യിൽ കല്പിത സർവകലാശാല സ്ഥാപിക്കുന്നതിനും കോഴ്സുകൾ തുടങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിന്,തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2011–12–ലെ പദ്ധതി വിഹിതത്തിൽ നിന്ന് കില കോർപ്പസ് ഫണ്ടിലേയ്ക്ക് തുക കൈമാറുന്നത് സംബന്ധിച്ച് കില ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം താഴെപറയുന്ന ക്രമത്തിൽ തുക പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും കില കോർപ്പസ് ഫണ്ടിലേയ്ക്ക് കൈമാറാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് – കുറഞ്ഞത് 1 ലക്ഷം രൂപ, പരമാവധി 2 ലക്ഷം രൂപ
ബ്ലോക്ക് പഞ്ചായത്ത് – കുറഞ്ഞത് 2 ലക്ഷം രൂപ, പരമാവധി 3 ലക്ഷം രൂപ
ജില്ലാ പഞ്ചായത്ത് – കുറഞ്ഞത് 3 ലക്ഷം രൂപ, പരമാവധി 5 ലക്ഷം രൂപ
മുനിസിപ്പാലിറ്റി – കുറഞ്ഞത് 2 ലക്ഷം രൂപ പരമാവധി 3 ലക്ഷം രൂപ
കോർപ്പറേഷൻ – കുറഞ്ഞത് 5 ലക്ഷം രൂപ, പരമാവധി 8 ലക്ഷം രൂപ

ഇങ്ങനെ കൈമാറുന്ന തുക പദ്ധതി ചെലവായി കണക്കാക്കാവുന്നതാണ്. പ്രസ്തുത ചെലവിന് മേഖലാ വിഭജനം ബാധകമല്ല. വികസനഫണ്ടിന്റെ മേഖലാ വിഭജനത്തിന്റെ പരിധിയിൽ വരാതെയും എന്നാൽ പദ്ധതി ചെലവായി കണക്കാക്കിയും 2011–12–ലെ പദ്ധതി വിഹിതത്തിൽ നിന്ന് തുക കൈമാറാൻ അനുമതി നൽകി. ഡി.പി.സി.യുടെ സാധൂകരണം വാങ്ങേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.26 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം.12741/ ഡി.ബി1/12/തസ്വഭവ) തീയതി 29/02/12**

2011–12 വാർഷിക പദ്ധതിയിലെ വനിതാ ക്ഷേമ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വാങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിനും കെട്ടിടത്തിനും ജില്ലാ കളക്ടറുടെ വാല്യുവേഷൻ നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണെന്ന് നിബന്ധനയോടുകൂടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2. 27 കേരള ആയുർവേദ സഹകരണസംഘം (ഫയൽ നം.10645/ ഡി.എ/12/തസ്വഭവ)**
**തീയതി 29/02/12**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് സംഘത്തിന് നൽകിയ അനുമതി 16.02.2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.28 തൃശൂർ ജില്ലാ പഞ്ചായത്ത്**

ജൈവകൃഷി പ്രചരിപ്പിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രതൃതി സൗഹൃദ ജില്ലാ കർമ്മസേനാ പദ്ധതിക്ക് അംഗീകാരം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.29** എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ മാർഗരേഖ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളെടുക്കാൻ ഏപ്രിൽ മാസത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ റീജിയണൽ വർക്ക്ഷോപ്പുകൾ നടത്താൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.30** സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ആവശ്യപ്രകാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കോൺട്രിബ്യൂഷൻ സെക്ടറൽ സീലിംഗിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

യോഗം 9.30.A.M. ന് അവസാനിച്ചു)